بسم الله الرحمن الرحيم

A

| Reg NO: | |
|---|---|

| Sign Of Invigilator |
|---|
| |

# LEARN THE QUR-AN

## V^th EXAMINATION FOR PART 25 & 26

## 2005 SEPTEMBER

(റിയാദ് ഇന്ത്യൻ ഇസ്‌ലാഹീ സെൻറർ ഖുർആൻ പഠന പരീക്ഷാ പദ്ധതി)

സമയം: 2 മണിക്കൂർ

മാർക്ക് :100

**പരീക്ഷാ ചോദ്യക്കടലാസ്**

---

**ഉത്തരക്കടലാസ് അസാധുവാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

റജിസ്ററർ നമ്പർ മുകളിലെ കോളത്തിൽ വ്യക്തമായി എഴുതുക.
ഇൻവിജിലേററർ നിശ്ചിത സ്ഥാനത്ത് ഒപ്പ് വെച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
ശരിയായ ഉത്തരത്തിനു നേരെ മാത്രം✔ അടയാളപ്പെടുത്തുക
വെട്ട്, തിരുത്ത് ഒഴിവാക്കുക.
പരീക്ഷാ ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുക.

**എല്ലാ ചോദ്യങ്ങൾക്കും ഓരോ മാർക്ക് വീതം**

1. ഉമ്മുൽ ഖുറാ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ?
   A, മക്ക  B, മദീന
   C, ഫലസ്തീൻ  D, ഈജിപ്ത്
2. ഹാമീം ഐൻ സീൻ ഖാഫ് ( حم عسق ) എന്നത് നമ്മുടെ പാഠഭാഗത്തിലെ ഏത് അധ്യായത്തിൻെറ തുടക്കമാണ് ?
   A, സുഖ്റുഫ്  B, ശൂറ
   C, ജാഥിയ  D, ദുഖാൻ
3. وَلَوْ شَاءَ اللَّهُ لَجَعَلَهُمْ أُمَّةً وَاحِدَةً അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെ അവൻ ഒരേ സമുദായമാക്കുമായിരുന്നു.(സൂറ ശൂറ:) ഇതിൻെറ സാരത്തിൽ ഉൾപ്പെടാത്തത് ഏത് ?
   A, സന്മാർഗ്ഗ സമുദായം
   B, ദുർമാർഗ്ഗ സമുദായം
   C, സന്മാർഗ്ഗ സമുദായമാകാം അല്ലെങ്കിൽ ദുർമാർഗ്ഗസമുദായമാകാം
   D, പക്ഷി മൃഗങ്ങളെ പോലെ ഒരേ ജീവിതരീതിയുള്ള സമുദായം
4. അതിൽ വിശ്വസിക്കാത്തവർ അതിനെക്കുറിച്ച് ധൃതികൂട്ടുകയും വിശ്വാസികൾ അതിനെക്കുറിച്ച് പേടിക്കുകയും ചെയ്യുന്നതാണ് (സൂറ: ശൂറ) എന്താണ് വിഷയം ?
   A, ശിർക്ക്  B, മരണം
   C, അന്ത്യനാൾ  D, പിശാച്
5. എൻെറ കുടുംബം പാലിക്കുന്നതിനേക്കാൾ എനിക്ക് ഇഷ്ടം റസൂൽ(സ)യുടെ കുടുംബം പാലിക്കലാണ്. ഇത് പറഞ്ഞത് ആര് ?
   A, അലി(റ)  B, അബൂബക്കർ(റ)
   C, ഉമർ(റ)  D, ഉസ്മാൻ(റ)
6. അല്ലാഹു അവൻെറ അടിയാന്മാർക്ക് ഉപജീവനം (ആഹാരം) വിശാലമാക്കിക്കൊടുത്തിരുന്നുവെങ്കിൽ അവർ . . . . . . (സൂറ ശൂറ)
   A, തടിച്ചു കൊഴുക്കുമായിരുന്നു.
   B, ഭൂമിയിൽ അതിക്രമം നടത്തുമായിരുന്നു.
   C, അവൻ ഇഷ്ടപ്പെടും വിധം ചിലവഴിക്കുമായിരുന്നു.
   D, പിശുക്കു കാണിക്കുമായിരുന്നു.
7. വാഹനയാത്ര ചെയ്യുന്നവൻെറ തസ്ബീഹ് പഠിപ്പിക്കുന്ന വാചകം . . . . .സൂറയിലാണ്.
   A, ഖാഫ്  B, ഹുജറാത്ത്  C, സുഖ്റുഫ്  D, ഫത്ഹ്

8. നബി(സ)ക്ക് മുന്നിൽ ഹിറാ ഗുഹയിൽ വെച്ച് ആദ്യമായി ജിബ്രീൽ പ്രത്യക്ഷപ്പെട്ടപ്പോൾ
A, താൻ ഒരു പ്രവാചകനാകാൻ പോകുന്നു എന്ന് ബോധ്യപ്പെട്ടു.
B, താൻ അന്വേഷിച്ച് കാത്തിരുന്നത് കിട്ടി എന്നതിൽ സന്തോഷിച്ചു.
C, താൻ ഈ സമൂഹത്തിൻെറ നായകനായി എന്ന് ഉറപ്പായി.
D, അപ്രതീക്ഷിത സംഭവത്തിൽ ഭയപ്പാടും നടുക്കവുമുണ്ടായി.

9. സൂറ: ശൂറയിൽ رُوحًا مِّنْ أَمْرِنَا (നമ്മുടെ കൽപ്പനയാൽ ഒരു ആത്മാവിനെ) എന്ന് പഞ്ഞത്കൊണ്ടുള്ള ഉദ്ദേശ്യം ?
A, ജിബ്രീൽ B, ആത്മാവ്
C, ഖുർആൻ D, ഈസാനബി

10. സൂറ: ഖാഫിൽ سَكْرَةُ സക്റത് (ലഹരി) എന്നത് എന്തിൻെറ വിശേഷണമായാണ് നൽകിയത്
A, മദ്യത്തിൻെറ
B, മരണത്തിൻെറ
C, സ്വർഗ്ഗീയ പാനീയത്തിൻെറ
D, ആനന്ദത്തിൻെറ

11. ഖുർആൻ ഓരോ ദിവസത്തെയും പാരായണത്തിന് ഉപയോഗിക്കുന്ന ഭാഗത്തിന് പറയുന്ന പേര് ?
A, ഹിസ്ബ് B, തജ്‌വീദ്
C, തഹ്ഫീള് D, തർതീല്

12. പെരുന്നാൾ നമസ്കാരങ്ങളിൽ നബി(സ) ഓതാറുണ്ടായിരുന്ന സൂറത്തുകളിൽ പെട്ടതാണ്. .
A, അലഖ് B, ഫലഖ്
C, ഖമർ D, കഹ്ഫ്

13. സൂറ സുഖ്റുഫിൽ മൂസാനബിയെക്കുറിച്ചുള്ള പരാമർശത്തോടനുബന്ധിച്ച് "അദ്ദേഹം അന്ത്യസമയത്തിനുള്ള ഒരു അറിവും (അടയാളവും) ആണെന്ന് പറഞ്ഞത് ആരെക്കുറിച്ച് ?
A, മുഹമ്മദ് നബി(സ)യെ B, ഈസാ നബി(അ)യെ
C, മുസാ നബി(അ)യെ D, ഇബ്റാഹീം നബി(അ)യെ

14. സൂറത്ത് ഖാഫിൽ റസ്സിൻെറ ആൾക്കാർ, ആദ്, ഥമൂദ് വർഗ്ഗങ്ങൾ, ലൂത്വിൻെറ സഹോദരന്മാർ, തുബ്ബഇൻെറയും ഐക്കത്തിൻെറയും ജനത എന്നിവരെ പരാമർശിച്ചതിൻെറ ലക്ഷ്യം ?
A, അവരിലേക്കെല്ലാം പ്രവാചകന്മാർ വന്നിട്ടുണ്ടെന്ന് അറിയിക്കാൻ
B, അവരെ മാതൃകയാക്കി ജീവിക്കണമെന്ന് അറിയിക്കാൻ
C, സത്യ നിഷേധത്തിൽ നിന്ന് പിന്തിരിയാത്തവർക്ക് ആ ജനതക്ക് ഉണ്ടായത് പോലുള്ള അനുഭവം ഉണ്ടാവുമെന്ന് ഓർമ്മിപ്പിക്കാൻ
D, ചരിത്രത്തിൽ കഴിഞ്ഞുപോയവർ ശക്തന്മാരായിരുന്നു എന്ന് ഓർമ്മപ്പെടുത്താൻ

15. സൂറ: ജാസിയയിലെ أيام الله അല്ലാഹുവിൻെറ ദിവസങ്ങൾ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ?
A, അന്ത്യനാൾ
B, മഹ്ശറ
C, മുൻ കഴിഞ്ഞ സമുദായങ്ങളിൽ സംഭവിച്ച ശിക്ഷാ ദിവസങ്ങൾ
D, പുണ്യനാളുകൾ

16. "അവനിലേക്ക് നാം (അവൻെറ) കണ്ഠ നാഡിയേക്കാൾ അടുത്തവനത്രെ" (ഖാഫ് : 16) ആരാണത് ?
A, നന്മതിന്മകൾ രേഖപ്പെടുത്തുന്ന മലക്കുകൾ B, അല്ലാഹു
C, പ്രവാചകന്മാർ D, പിശാച്

17. "തീർച്ചയായും ഇതിനെക്കുറിച്ച് നീ അശ്രദ്ധയിലായിരുന്നു" ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തിനെയാണ് ?
A, ഖുർആനിനെ
B, ഭൗതിക ജീവിതത്തെ
C, മരണാനന്തരമുണ്ടാകുന്ന കാര്യങ്ങളെ
D, അല്ലാഹുവിനെ

18. സൂറ: ഖാഫിൽ സ്വർഗ്ഗത്തെ പരാമർശിച്ചപ്പോൾ"നമ്മുടെ അടുക്കൽ കൂടുതലായുള്ളതും ഉണ്ട്" എന്ന് പറഞ്ഞു. ഇവിടെ 'കൂടുതൽ' കൊണ്ടുള്ള ഉദ്ദേശ്യം ?

A, അല്ലാഹുവിനെ ദർശിക്കുക

B, ഉദ്ദേശ്യകാര്യങ്ങൾ മുഴുവനും ലഭിക്കുക

C, ഉദ്ദേശിച്ചത് മുഴുവനും പ്രത്യേകം ഒരുക്കിയതും ലഭിക്കുക

D, കൂടുതൽ ഉയർന്ന സ്ഥാനങ്ങൾ ലഭിക്കുക

19. 'അടുത്ത സ്ഥലത്തുനിന്ന് വിളിച്ചേക്കുന്ന ഒരാൾ വിളിക്കുന്ന ദിവസത്തെ നീ ചെവിയോർത്തു കൊണ്ടിരിക്കുക " (ഖാഫ് )ഈ വിളികൊണ്ട് ഉദ്ദേശിക്കുന്നത് ?

A, സത്യപ്രബോധകൻെറ വിളി

B, പള്ളിയിൽ നിന്നുള്ള ബാങ്ക്‌വിളി

C, പുനർ ജീവിതത്തിനുള്ള വിളി

D, മരണപ്പെടുന്ന ബന്ധുക്കളുടെ നിലവിളി

20. അല്ലാഹുവിൻെറ താക്കീത് ഭയപ്പെടുന്നവർക്ക് ഉൽബോധനം നൽകുന്നത് എന്തു മുഖേനെയായിരിക്കണം ? (സൂറ: ഖാഫ്)

A, ഗുണപാഠങ്ങൾ B, ഹദീസുകൾ

C, പരലോക ചിന്ത D, ഖുർആൻ

21. 'സ്ത്രീകൾക്ക് ആഭരണങ്ങൾ അവരുടെ എന്തോ ഒരു പോരായ്മ നികത്തുവാനാണ്.' ഈ വാചകം ഒരു . . . . . . . . . ആണ്.

A, കവിത B, ആപ്തവാക്യം

C, ഹദീസ് D, ആയത്ത്

22. മുആദ്ബ്നു ജബലിനെ നബി(സ) മതകാര്യങ്ങൾ പഠിപ്പിക്കുവാനായി നിയോഗിച്ചത് എങ്ങോട്ടായിരുന്നു ?

A, ത്വാഇഫ് B, യമൻ C, നജ്ദ് D, മദീന

23. "അല്ലാഹുവിൻെറ റസൂലിൻെറ ദൂതന് അല്ലാഹുവിൻെറ റസൂൽ തൃപ്തിപ്പെടുന്ന കാര്യത്തിലേക്ക് സഹായം ചെയ്തുകൊടുത്ത അല്ലാഹുവിന് സ്തുതി." ഇത് ആര് ആരോട് പറഞ്ഞു ?

A, അല്ലാഹു ജിബ്‌രീലിനോട്

B, ജിബ്‌രീൽ മുഹമ്മദ് നബിയോട്

C, മുഹമ്മദ് നബി(സ) മുആദ് ബ്നു ജബലിനോട്

D, മുആദ് ബ്നു ജബൽ മുഹമ്മദ് നബി(സ)യോട്

24. സൂറ ഹുജ്റാത്തിൽ വിശ്വാസികളുടെ സൽക്കർമ്മങ്ങൾ ഫലശൂന്യമായി പോകുന്നത് സൂക്ഷിക്കണം എന്നു പറഞ്ഞ കാര്യമെന്ത് ?

A, സ്വന്തം അഭിപ്രായങ്ങൾക്ക് ഖുർആനിനേക്കാൾ പ്രാമുഖ്യം നൽകൽ

B, ഖുർആനും സുന്നത്തുമനുസരിച്ച് വിധി നടത്താതിരിക്കൽ

C, നബിയിൽ വിശ്വസിക്കാതിരിക്കൽ

D, നബിയുടെ സന്നിധിയിൽ അദ്ദേഹത്തേക്കാൾ ശബ്ദം ഉയർത്തൽ

25. നബി തിരുമേനിയുടെ അറകൾക്ക് പിന്നിൽ വന്ന് അദ്ദേഹത്തെ പേര് പറഞ്ഞ് വിളിച്ച യാത്രാസംഘം ഏത് ഗോത്രത്തിൽ നിന്നുള്ളവരായിരുന്നു ?

A, ഖസ്റജ് B, തമീം C, ഔസ് D, ഖുറൈശ്

26. "ദുഖ് ഇന്നക അൻതൽ അസീസുൽ കരീം ذُقْ إِنَّكَ أَنتَ الْعَزِيزُ الْكَرِيمُ ' (ദുഖാൻ :49) അടിവരയിട്ട ഭാഗത്തിൻെറ അർത്ഥമായ "നിശ്ചയം നീ തന്നെയാണ് പ്രതാപശാലിയും മാന്യനും" എന്നത് ആരെ സംബന്ധിച്ച പരാമർശമാണ് ?

A, അല്ലാഹുവിനെ

B, ഇഹത്തിൽ പ്രതാപം നടിച്ച് പരലോകത്തെയും ശിക്ഷയെയും സംശയിച്ചവരെ

C, അഹങ്കാരം നടിച്ച ഫിർഔനിനെ

D, സജ്ജനങ്ങളിൽ പെട്ട എല്ലാവരേയും

27. നീ നിൻെറ സഹോദരനെക്കുറിച്ച് അവന് വെറുപ്പുള്ള കാര്യം പറയലാണ്. .. .. .. .. ...

A, കദിബ് (കളവ്) B, ഗീബത്ത് (പരദൂഷണം)

C, നമീമത്ത് (ഏഷണി) D, ഹസദ് (അസൂയ)

28. അമുസ്‌ലിംകളിലെന്നപോലെ ഒരുവിഭാഗം മുസ്‌ലിംകളിലും ശിർക്കുപരമായ അനാചാരങ്ങൾ നിലനിൽക്കുന്നതിൻെറ കാരണം ? (സൂറ: സുഖ്റുഫിൻെറ വിശദീകരണം)

A, ഇസ്‌ലാമിനെക്കുറിച്ചുള്ള അജ്ഞത

B, പണ്ഢിതരും നേതാക്കളും പിഴക്കുകയില്ലെന്ന ധാരണ

C, പൂർവ്വ പിതാക്കളെ അന്ധമായി അനുകരിക്കൽ

D, മററു സംസ്കാരങ്ങളുടെ സ്വാധീനം

29. വാർത്തകൾ റിപ്പോർട്ട് ചെയ്യുമ്പോൾ നാം സ്വീകരിക്കേണ്ട നിലപാട്

A, വ്യക്തികളെ പരിഗണിക്കണം

B, വാർത്തകളുടെ നിജസ്ഥിതി പരിശോധിക്കണം

C, അവ വിശ്വസിക്കാൻ പാടില്ല

D, പ്രചരിപ്പിക്കണം

30. പാപങ്ങൾ ഒരു വിശ്വാസിയിൽ നിന്ന് ഉണ്ടായാൽ, അയാൾ . . . .

A, അവിശ്വാസിയാകും

B, കപട വിശ്വാസിയാകും

C, മത നിഷേധിയാകും

D, സത്യവിശ്വാസിയായിരിക്കും എന്നാൽ വിശ്വാസത്തിൽ കുറവുണ്ടായിരിക്കും

31. സൂറത്തുൽ ഫത്ഹ് അവതരിച്ചത് താഴെ പറയുന്നവയിൽ ഏതിനോടനുബന്ധിച്ചാണ് ?

A, ബദർ വിജയം

B, മക്കാ വിജയം

C, ഹുദൈബിയ സന്ധി

D, ഖൈബർ വിജയം

32. മക്കാ വിജയത്തിൻെറ അന്ന് നബി(സ) വാഹനപ്പുറത്തിരുന്ന് നീട്ടി ഓതിയ സൂറത്ത് ?

A, സൂറ: നസ്റ് B, സൂറ: ഫത്ഹ് C, സൂറ: ഇഖ്‌ലാസ് D, സൂറ: ഫാതിഹ

33. നബി(സ)യുടെ കയ്യിൽ സ്വഹാബികൾ കൈവെച്ച് മരണം വരേയും യുദ്ധം ചെയ്യാൻ തയ്യാറാണെന്ന് ഉറപ്പ് നൽകിയ പ്രതിജ്ഞക്ക് . . . . . . . . എന്ന് പറയുന്നു.

A, ഹുദൈബിയ്യ സന്ധി B, ബൈഅത്ത് രിള്വാൻ

C, ബൈഅതു സ്വഹാബ D, ബൈഅതുൽ അഖബ

34. ഉംറത്തുൽ ഖളാഅ് (عُمْرَةُ الْقَضَاءِ) എന്ന പേരിൽ അറിയപ്പെട്ട ഉംറ നബി(സ)യും സ്വഹാബികളും നിർവ്വഹിച്ചത് ഹിജ്റ: എത്രാം വർഷം ?

A, ഹിജ്റ 6 B, ഹിജ്റ 7 C, ഹിജ്റ 3 D, ഹിജ്റ 2

35. "ഉമ്മുൽ കിതാബ്' എന്നതിൻെറ അർത്ഥത്തിൽ ഉൾപെടാത്തത് ?

A, ഗ്രന്ഥത്തിൻെറ മാതാവ് B, മൂല ഗ്രന്ഥം

C, ഗ്രന്ഥത്തിൻെറ മൗലിക വശം D, ഉന്നത ഗ്രന്ഥം

36. "പരമ കാരുണികന് വല്ല സന്താനവും ഉണ്ടെന്ന് വരുകിൽ ഞാൻ അതിൻെറ ആരാധകരിൽ ഒന്നാമനായിരിക്കും" ഇതിൻെറ പൊരുളിനോട് യോജിക്കുന്നത് എന്ത് ?

A, നന്മകൾ ചെയ്യുന്നതിന് ഒന്നാമനായിരിക്കും പ്രവാചകൻ

B, മുഹമ്മദ് നബി ഈസാനബിക്ക് ദിവ്യത്വം കൽപിക്കണം

C, അല്ലാഹുവിന് സന്താനങ്ങളുണ്ടാവുക എന്ന ഒരു കാര്യമേയില്ല

D, ഈസാ നബി ദൈവ പുത്രനല്ല, തീർച്ച !

37. സൂറത് ഫത്ഹിലെ 'ഫത്ഹൻ ഖരീബാ' (ആസന്ന വിജയം) എന്ന് പറഞ്ഞതുകൊണ്ടുള്ള വിവക്ഷയെന്ത് ?

A, പരലോക വിജയം B, മക്കാ വിജയം

C, ഹുദൈബിയ്യ സന്ധി D, ഖൈബർ വിജയം

38. സൂറ: ദുഖാനിൽ പറയുന്ന لَيْلَةٍ مُبَارَكَةٍ (അനുഗ്രഹീത രാത്രി) കൊണ്ട് ഉദ്ദേശിക്കുന്നത് ?

A, ഹാജിമാർ മുസ്ദലിഫയിൽ പാർക്കുന്ന രാത്രി

B, റജബ് 27

C, ശഅബാൻ 15

D, ലൈലതുൽ ഖദ്ർ

39. സൂറ: ദുഖാൻ പത്താം വചനത്തിലെ ദുഖാൻ എന്ന പദത്തിൻെറ അർത്ഥം ?

A, കാർമേഘം　　B, കൊടുങ്കാററ്

C, പൊടിപടലങ്ങൾ　　D, പുക

40. "ആകാശം പുക കൊണ്ടുവരുന്ന ദിവസം" എന്ന് പറഞ്ഞത് കഴിഞ്ഞുപോയ ഒരു സംഭവത്തെ ഉദ്ദേശിച്ചാണെന്ന് പറഞ്ഞ സ്വഹാബി.

A, അബൂഹുറൈറ(റ)　　B, ഇബ്നു അബ്ബാസ്(റ)

C, ഇബ്നു മസ്ഊദ്(റ)　　D, അബ്ദുല്ലാഹിബ്നു ഉമർ(റ)

41. അല്ലാഹുവിൻെറ അടിയാന്മാരെ എനിക്ക് വിട്ടുതരുവീൻ (ദുഖാൻ: 18) ഇവിടെ ആവശ്യപ്പെടുന്നത് ?

A, നംറൂദിൻെറ മർദ്ദനത്തിൽ നിന്ന് ജനങ്ങളെ രക്ഷപ്പെടുത്താൻ ഇബ്റാഹീം നബി(അ)

B, ഫിർഔനിൻെറ മർദ്ദനത്തിൽ നിന്ന് തൻെറ സമുദായത്തെ രക്ഷപ്പെടുത്താൻ മൂസ(അ)

C, മക്കാ മുശ്‌രികുകളുടെ പീഡനത്തിൽ നിന്ന് വിശ്വാസികളെ രക്ഷിക്കാൻ മുഹമ്മദ് (സ)

D, നൂഹ്നബി(അ) വിശ്വാസികളെ രക്ഷപ്പെടുത്താൻ, തൻെറ ശത്രുക്കളോട്

42. അബൂ കർബ് എന്ന അസ്അദ് (أسعد أبو كرب) ആരുടെ പേരാണ് ?

A, ഈജിപ്ത് ഭരിച്ച ഫറോവയുടെ　　B, ഇറാഖ് ഭരിച്ച നംറൂദിൻെറ

C, യമൻ ഭരിച്ച തുബ്ബഇൻെറ　　D, റോം ഭരിച്ച കൈസറിൻെറ

43. സൂറ ദുഖാനിൽ പരാമർശിച്ച شَجَرَةُ الزَّقُّومْ (സഖൂം വൃക്ഷം) കൊണ്ട് ഉദ്ദേശിക്കുന്നത് ?

A, ആകാശ ലോകത്ത് നബി(സ) കണ്ട ഇലന്ത വൃക്ഷം

B, നരകത്തിലെ ഒരു വൃക്ഷം

C, ഒലീവ് വൃക്ഷം

D, ഈത്തപ്പന

44. വമ്പിച്ച ഭാഗ്യവാന്മാരുടെ ലക്ഷണം ? (സൂറ: ഫുസ്സിലത്ത്)

A, ക്ഷമ　　B, സത്യസന്ധത

C, നീതി　　D, യുക്തി

45. അല്ലാഹു അടിമകളോട് വർത്തിക്കുന്നതിൻെറ അടിസ്ഥാനം ?

A, അടിമക്ക് അല്ലാഹുവിനോടുള്ള ധാരണയനുസരിച്ച്

B, അല്ലാഹുവിന് അടിമകളോടുള്ള ധാരണയനുസരിച്ച്

C, അല്ലാഹുവിനോട് മനുഷ്യനുള്ള ബന്ധമനുസരിച്ച്

D, ഔലിയാക്കളോട് അടിമക്കുള്ള അടുപ്പമനുസരിച്ച്

46. ഖുർആൻ എന്ന പദത്തിൻെറ അർത്ഥം ?

A, വേദഗ്രന്ഥം　　B, സത്യാസത്യ വിവേചനഗ്രന്ഥം

C, പാരായണം ചെയ്യപ്പെടുന്നത്　　D, പഠിക്കേണ്ടുന്ന ഗ്രന്ഥം

47. "അല്ലാഹുവിന് പുറമേ വിളിച്ചു പ്രാർത്ഥിക്കുന്നവർക്ക് ശുപാർശക്ക് അധികാരമുണ്ടാകുന്നതല്ല" തങ്ങൾ അറിഞ്ഞുകൊണ്ട് യഥാർത്ഥത്തിന് സാക്ഷ്യം വഹിച്ചവർക്കല്ലാതെ. എന്താണ് യഥാർത്ഥം ?

A, പ്രവാചകത്വം　　B, ഏകദൈവ വിശ്വാസം

C, സൽക്കർമ്മങ്ങൾ　　D, പരലോകം

48. അല്ലാഹു പറഞ്ഞു: "അവർക്കുവേണ്ടി കരഞ്ഞില്ല" ആര് ? സൂറത്ത് ദുഖാൻ (29)

A, ഭാര്യമാരും മക്കളും

B, മാതാപിതാക്കളും മക്കളും

C, അനുയായികളും നേതാക്കളും

D, ആകാശവും ഭൂമിയും

49. ഖുർആൻ ശിഫാഅ് (രോഗശമനം) ആകുന്നതെപ്പോൾ ?

A, നൂലിൽ മന്ത്രിച്ച് ഊതിക്കെട്ടുമ്പോൾ

B, പാത്രത്തിലെഴുതി മഷി കലക്കിക്കുടിക്കുമ്പോൾ

C, തകിടുകളിലെഴുതി മന്ത്രഹോമങ്ങൾ ചെയ്യുമ്പോൾ

D, പാരായണം ചെയ്ത് അല്ലാഹുവിൽ ഭരമേൽപ്പിക്കുമ്പോൾ

50. ഞങ്ങളിതാ നിന്നെ അനുസരിച്ച് വന്നിരിക്കുന്നു. ആര് ? (സൂറ: ഫുസ്സിലത്ത്)

A, ജിന്നും മലക്കും
B, മനുഷ്യരിലെ സച്ചരിതരായ സഹാബികൾ
C, ആകാശവും ഭൂമിയും
D, രാവും പകലും

51. സംസാരങ്ങളിൽ വെച്ച് ഏററവും നല്ലത് ?

A, സ്നേഹവും സൗമ്യവുമായത്
B, അല്ലാഹുവിലേക്ക് ക്ഷണിക്കുന്നത്
C, മനുഷ്യരെ സന്തോഷിപ്പിക്കുന്നത്
D, അല്ലാഹുവിൻെറ വചനങ്ങൾ നിറഞ്ഞത്

52. മാലാഖമാർ അല്ലാഹുവിൻെറ പെൺമക്കളാണെന്ന ജൽപനത്തിലെ അപരാധങ്ങൾ എത്ര ?

A, 1
B, 2
C, 3
D, 4

53. ശത്രുവിന് നന്മ ചെയ്താൽ ?

A, അവൻ ഉററ മിത്രമാകും
B, അവൻ മിത്രമാകും
C, അവൻെറ ശത്രുത തീരും
D, അവൻെറ ശത്രുത കുറയും

54. 'നമ്മുടെ ദൃഷ്ടാന്തങ്ങൾ ചക്രവാളങ്ങളിലും നിങ്ങളിലും നാം കാണിച്ചുതരും' (സൂറ: ഫുസ്സിലത്) ഏതുവരെ ?

A, അല്ലാഹു സത്യമാണെന്ന് ബോധ്യമാകും വരെ
B, നബി(സ) സത്യമാണെന്ന് ബോധ്യമാകും വരെ
C, ഖുർആൻ സത്യമാണെന്ന് ബോധ്യമാകും വരെ
D, പരലോകം സത്യമാണെന്ന് ബോധ്യമാകും വരെ

55. ഒരു വാക്ക് മുമ്പ് പറഞ്ഞില്ലായിരുന്നെങ്കിൽ അവർക്കിടയിൽ വിധി നടപ്പിലാക്കുമായിരുന്നു (സൂറ ഫുസിലത്) എന്താണ് മുമ്പ് പറഞ്ഞത് ?

A, ഐഹിക ജീവിതത്തിലെ ദുഷ്കർമ്മങ്ങൾക്കുള്ള ശിക്ഷ പരലോകത്താകുന്നു.
B, ഐഹിക ലോകത്ത് ദുഷ്കർമ്മികളെ അല്ലാഹു ശിക്ഷിക്കുകയില്ല.
C, ഈ ലോകം കർമ്മങ്ങൾക്കും പരലോകം പ്രതിഫലത്തിനുമാകുന്നു.
D, ഐഹികലോകം സത്യവിശ്വാസിക്ക് നരകവും നിഷേധികളുടെ സ്വർഗ്ഗവുമാകുന്നു.

56. പിശാച് ബാധയുണ്ടായാൽ എന്തുവേണം ?

A, നൂൽ മന്ത്രിച്ചു കെട്ടുക
B, ജോൽസ്യനെ കണ്ട് അടക്കം കെട്ടുക
C, അല്ലാഹുവിനോട് രക്ഷ തേടുക
D, പിശാചിനെ സ്വാധീനിക്കുക

57. ഒരു കൊററനാടിൻെറ രൂപത്തിൽ മരണത്തെ കൊണ്ടുവരികയും അറുക്കുകയും ചെയ്യും. എവിടെ വെച്ച് ?

A, സ്വർഗ്ഗത്തിൽ വെച്ച്
B, നരകത്തിൽ വെച്ച്
C, സ്വർഗ്ഗത്തിൻെറയും നരകത്തിൻെറയും ഇടയിൽ വെച്ച്
D, മഹ്ശറയിൽ വെച്ച്

58. യഹൂദ പണ്ഡിതനായിരുന്നു; പിന്നീട് ഇസ്ലാംമതം സ്വീകരിച്ചു ?

A, ഉസ്മാൻ
B, അബ്ദുല്ലാഹിബ്നു അംറ്
C, അബ്ദുല്ലാഹിബ്നു സലാം
D, അബ്ദുല്ലാഹിബ്നു അബ്ബാസ്

59. ''അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ, അല്ലാഹു താങ്കളെ ആദരിച്ചിരിക്കുന്നു'' ഉമ്മുൽ അലാഅ് ഇത് പറഞ്ഞതെപ്പോൾ ?

A, ഹൻളലത്(റ) രക്തസാക്ഷിയായപ്പോൾ
B, അബൂബക്കർ(റ) മരിച്ചപ്പോൾ
C, ഉസ്മാനുബ്നു മള്ഊൻ(റ) മരിച്ചപ്പോൾ
D, ഉമർ(റ) വധിക്കപ്പെട്ടപ്പോൾ

60. കുഞ്ഞിന് ജീവിക്കാൻ മതിയാകുന്ന ഏററവും ചുരുങ്ങിയ ഗർഭ കാലം ?

A, 8 മാസം B, 6 മാസം

C, 9 മാസം D, 4 മാസം

61. അല്ലാഹുവിൻെറ അടുത്ത് ഏററവും ആദരണീയൻ ആരാണ് ? (സൂറ: ഹുജ്റാത്ത്)

A, നിങ്ങളിലെ ഭരണാധിപന്മാർ

B, നിങ്ങളിലെ പ്രവാചകന്മാർ

C, നിങ്ങളിൽ ഏററവും ഭയഭക്തിയുള്ളവർ

D, നിങ്ങളിൽ ഏററവും പാണ്ഡിത്യമുള്ളവർ

61. അഹ്ഖാഫ് ആരുടെ വാസസ്ഥലമാണ് ?

A, നൂഹ് നബിയുടെ ജനതയുടെ

B, ഹൂദ് നബിയുടെ ജനതയുടെ

C, സാലിഹ് നബിയുടെ ജനതയുടെ

D, അയ്യൂബ് നബിയുടെ ജനതയുടെ

62. എഴ് പകലും എട്ട് രാത്രിയും നീണ്ടുനിന്ന കൊടുങ്കാററുകൊണ്ട് ശിക്ഷിക്കപ്പെട്ട ജനത ?

A, സമൂദ് ഗോത്രം

B, ആദ് ഗോത്രം

C, ശുഐബ് നബിയുടെ ജനത

D, നീനവാ പ്രദേശത്തുകാർ

63. ഹിജാസിനും ശാമിനും ഇടയിലുള്ള നാടാണ് . . . . . . . .

A, മദ്യൻ B, സദൂം C, ഹിജ്റ് D, അഹ്ഖാഫ്

64. ഉലുൽ അസ്മ് (ദൃഢ മനസ്കരായ ദൈവദൂതന്മാരി) ൽ പെടാത്തത്

A, ഇബ്റാഹീം(അ)

B, മൂസാ(അ)

C, ഈസാ (അ)

D, സകരിയ്യ (അ)

65. മുസ്ലിംകളുമായി യുദ്ധത്തിൽ തോററവരോട് അനുവർത്തിക്കേണ്ട പൊതു തത്വത്തെ സൂചിപ്പിക്കുന്ന രണ്ട് പദങ്ങളാണ് ? (സൂറ: മുഹമ്മദ്)

A, مَنّ فِدَاء മന്ന് ഫിദാഅ്

B, ضَرْبُ رِقَابٍ ളർബ് രിഖാബ്

C, ضَرْبُ أَوْزَار ളർബ് അൗസാറ്

D, وَثَاق بَال വസാഖ് ബാല്

66. നബി(സ) വധശിക്ഷ വിധിച്ചവരിൽ പെടാത്തത്?

A, നള്റ് ബ്നു ഹാരിസ് B, ഇബ്നു ഖത്വൽ

C, അബൂ അസ്സ D, അബൂ ഖതാദ

67. ജൂതഗോത്രമായ ഖുറൈളക്കാർ അംഗീകരിച്ച മുസ്ലിമായ മധ്യസ്ഥൻ?

A, മുആദ് ബ്നു ജബൽ B, സഅദ് ബ്നു മുആദ്

C, മൂസ ബ്ൻ നള്റ് D, അബൂ മൂസൽ അശ്അരി

68. ''അല്ലാഹു ഞങ്ങളുടെ നാഥനാണ് നിങ്ങൾക്ക് നാഥനില്ല' ഇത് ശത്രുക്കളോട് വിളിച്ചു പറയാൻ നബി(സ) കൽപിച്ചത് ?

A, ബദറിൽ B, ഖന്തഖിൽ C, ഖൈബറിൽ D, ഉഹ്ദിൽ

69. ''അല്ലാഹുവിൻെറ രാജ്യങ്ങളിൽ എനിക്കേററവും ഇഷ്ടം നീയാണ്'' ഇത് നബി(സ) ഏത് നാടിനെ സംബന്ധിച്ച് പറഞ്ഞതാണ് ?

A, ഫലസ്തീൻ B, മദീന C, മക്ക D, ശാം

70. 'ജിഹാദ്' എന്നതിൻെറ അർത്ഥത്തിൽ പെടാത്തത് ?

A, യുദ്ധം B, ധർമ്മസമരം

C, പരമാവധി പരിശ്രമം D, സംസ്കരണം

71. ''എന്നാൽ അതിൻെറ അടയാളങ്ങൾ വന്നുകഴിഞ്ഞു ' (മുഹമ്മദ്: 18)

A, മുഹമ്മദ് നബി(സ)യുടെ മരണം

B, ഈസാ നബി(അ)യുടെ ആഗമനം

C, അന്ത്യദിനം

D, മുസ്ലിംകൾക്ക് വരാനിക്കുന്ന വിജയങ്ങൾ

72. സൂറ മുഹമ്മദിലെ وَتَدْعُو إِلَى السَّلْمِ 'വ തദ്ഊ ഇലസ്സൽമി' എന്നതിലെ സൽമിൻെറ അർത്ഥം ?

A, കോണി B, ഉയരം C, സമാധാനം D, സ്വാതന്ത്ര്യം

73. ''ഇത് മനുഷ്യർക്ക് ഉൾക്കാഴ്ചയും മാർഗ്ഗദർശനവും കാരുണ്യവുമാണ്''ഏത്? (ജാസിയ )

A, പ്രവാചകൻ(സ) B, കഅബാ ശരീഫ്

C, വിശുദ്ധ ഖുർആൻ D, നബിചര്യ

74. തീർച്ചയായും മനുഷ്യൻ നന്ദികെട്ടവനാണ് എന്നതിന് തെളിവായി സൂറ: സുഖ്റുഫിൽ പറയുന്ന കാര്യമെന്ത് ?

A, സമ്പത്തിനോട് അത്യാർത്ഥി കാണിക്കുന്നു

B, അല്ലാഹുവിനെ കൂടാതെയുള്ളവരെ വിളിച്ചു പ്രാർത്ഥിക്കുന്നു

C, അല്ലാഹുവിന് അടിയാന്മാരിൽ നിന്ന് മക്കളെ ഉണ്ടാക്കുന്നു

D, അവന് ലഭിച്ച നന്മകൾക്ക് നന്ദികേട് കാണിക്കുന്നു

75. 'മൂസാ നബിയേക്കാൾ ഉത്തമൻ ഞാൻ' എന്ന് അഹങ്കരിച്ച ഫിർഔൻ മൂസാ നബിയിൽ കണ്ട ന്യൂനതകളുടെ പൂർണ്ണരൂപം . . . . .

A, നിന്ദ്യൻ, സംസാര ശേഷി കുറഞ്ഞവൻ, ദരിദ്രൻ, സ്വർണ്ണവളയില്ലാത്തവൻ

B, നിന്ദ്യൻ, ഭരണാധികാരമില്ലാത്തവൻ, സന്മാർഗ്ഗം കിട്ടാത്തവൻ, ദരിദ്രൻ

C, നിന്ദ്യൻ, അനുയായിയില്ലാത്തവൻ, തറവാടില്ലാത്തവൻ, സമ്പത്തില്ലാത്തവൻ

D, നിന്ദ്യൻ, ഭരണീയരില്ലാത്തവൻ, സംസാരശേഷി കുറഞ്ഞവൻ, ആഭരണമണിയാത്തവൻ

76. റസൂലിൻെറ സ്നേഹം ലഭിക്കുന്നവരിൽ ഉൾപ്പെടാത്തവർ ആര് ? ഹദീസ് . . . .

A, എൻെറ വിഷയത്തൽ പരസ്പരം സ്നേഹിക്കുന്നവർ

B, എൻെറ വിഷയത്തിൽ പരസ്പരം കലഹിക്കുന്നവർ

C, എൻെറ വിഷയത്തിൽ പരസ്പരം സന്ദർശനം നടത്തുന്നവർ

D, എൻെറ വിഷയത്തിൽ പരസ്പരം പുകഴ്ത്തിപ്പറയുന്നവർ

77. ''ഹേ വിശ്വസിച്ചവരേ, പ്രവാചകൻെറ ശബ്ദത്തിനു മീതെ നിങ്ങൾ ശബ്ദം ഉയർത്തരുത്'' എന്ന വചനം അവതരിച്ചതോടെ ഭയപ്പെട്ട് നബി(സ)യുടെ സദസ്സിൽ നിന്നും വിട്ടുനിന്ന സ്വഹാബി ആരായിരുന്നു ?

A, സൈദു ബ്നു ഹാരിസ്

B, സൈദു ബ്നു സാബിത്

C, സാബിത് ബ്നു ഖൈസ്

D, ഖൈസു ബ്നു സാബിത്

78. ''സമുദ്രത്തെ അതിൻെറ പാട്ടിനു വിട്ടേക്കുക'' (ദുഖാൻ: 24) എന്ന് പറയാനുള്ള കാരണത്തെ സംബന്ധിച്ച് ഖത്താദ (റ) മുതലായവർ പറഞ്ഞ അഭിപ്രായം ?

A, മുസാനബിയും അനുയായികളും സമുദ്രം കണ്ട് ഭയന്നപ്പോൾ അല്ലാഹു പറഞ്ഞത്

B, മൂസാനബിയുടെയും അനുയായികളുടെയും പിന്നിൽ സമുദ്രത്തിലിറങ്ങിയ ഫിർഔൻ മുങ്ങി നശിക്കാൻ നേരം സമുദ്രത്തെ ശപിച്ചപ്പോൾ അല്ലാഹു പറഞ്ഞത്

C, ശനിയാഴ്ച മീൻപിടിക്കാൻ കുതന്ത്രം പ്രയോഗിച്ചവരോട് പറയപ്പെട്ടത്

D, ഫിർഔനും കൂട്ടരും വരുന്നത് കണ്ട് സമുദ്രം പഴയപടിയിലാവാൻ മൂസാനബി വീണ്ടും സമുദ്രത്തിൽ അടിക്കാൻ ഒരുങ്ങിയപ്പോൾ പറയപ്പെട്ടത്

79. സൂറ: ജാഥിയയിൽ أَفَّاكٍ أَثِيمٍ (അഫ്ഫാകുൻ അഥീം) എന്ന് വിശേഷിപ്പിച്ചത് ആരെയാണ് ?

A, അല്ലാഹുവിൻെറ ആയത്തുകൾ കേട്ടിട്ടും അഹങ്കരിച്ച് കേൾക്കാത്ത പോലെ നിഷേധത്തിൽ നിരതരായവർ

B, നമസ്കരിക്കാത്തവർ

C, പ്രവാചകനെ പരിഹസിക്കുന്നവർ

D, അല്ലാഹുവോട് പങ്കുകാരെ ചേർക്കുന്നവർ

80. നമ്മുടെ പാഠ്യപദ്ധതിയിൽ'മുട്ടു കുത്തിയ നിലയിൽ 'എന്ന് അർത്ഥമുള്ള അധ്യായം ?

A, ജാഥിയ B, സജദ

C, ശൂറ D, സുഖ്റുഫ്

81. സൂറ: ഖാഫിൽ''ഏറെറടുക്കുന്ന രണ്ടുപേർ ''(الْمُتَلَقِّيَانِ) എന്ന് പറഞ്ഞതിലുള്ള വിവക്ഷ ?

A, മരണ സമയം ആത്മാവിനെ പിടിച്ചെടുക്കുന്ന മലക്കുകൾ

B, ഖബറിൽ വെച്ച് ചോദ്യം ചെയ്യുന്ന മലക്കുകൾ

C, മനുഷ്യൻെറ നന്മതിന്മകളെ രേഖപ്പെടുത്താനായി ഏൽപ്പിക്കപ്പെട്ട മലക്കുകൾ

D, സ്വർഗ്ഗത്തെയും നരകത്തെയും കാക്കുന്ന മലക്കുകൾ

82. سَوَاءً مَّحْيَاهُمْ وَمَمَاتُهُمْ സവാഅൻ മഹ്യാഹും വമമാതുഹും'' അവരുടെ ജീവിതവും മരണവും സമമായ നിലയിൽ'' (ജാസിയ: 21)എന്താണിവിടെ ഉദ്ദേശ്യം ?

A, മഹാന്മാരുടെ ജീവിതവും മരണവും സമമാണ്.

B, സത്യവിശ്വാസികളുടെയും ദുഷ്കർമ്മകാരികളുടെയും ജീവിതം ഇഹലോകത്ത് സമമായതുപോലെ പരലോകത്തും സമമായിരിക്കുമെന്ന് കരുതരുത്.

C, ഇരുലോകത്തും ഇരു കൂട്ടരുടെയും ജീവിതം സമമായിരിക്കും

D, ദുഷ്കർമ്മകാരികൾക്ക് പരലോകത്ത് ദുരിതപൂർണ്ണമായ ജീവിതമായിരിക്കും

83 وَاسْأَلْ مَنْ أَرْسَلْنَا مِن قَبْلِكَ مِن رُّسُلِنَا ''നിൻെറ മുമ്പ് നമ്മുടെ റസൂലുകളായി നാം അയച്ചിട്ടുള്ളവരോട് നീ ചോദിക്കുക'' (സൂറ: സുഖ്റുഫ് 45) എന്ന ആയത്ത് . . . . .

A, അല്ലാഹുവിൻെറ മുർസലുകളെ വിളിച്ചുതേടുന്നതിന് തെളിവാണ്.

B, മരിച്ചവരോട് ചോദിക്കുന്നതിൽ തെററില്ലെന്നതിന് തെളിവാണ്

C, മരിച്ച് മൺമറഞ്ഞവർക്ക് അല്ലാഹു ശക്തി നൽകുമെന്നതിന് തെളിവാണ്

D, മേൽ പറഞ്ഞതിനെല്ലാം എതിരായ തെളിവാണ്.

84 ''ഇസ്റാഈൽ സന്തതികൾക്ക് നാം വേദഗ്രന്ഥവും വിധിയും പ്രവാചകത്വവും കൊടുക്കുകയുണ്ടായി'' (ജാസിയ). ഇവിടെ വേദഗ്രന്ഥം എന്ന് പറഞ്ഞത് ഏതാണ് ?

A, ഇഞ്ചീൽ B, സബൂർ C, ഖുർആൻ D, തൗറാത്ത്

85. മദീനയിൽ വെച്ച് മരണപ്പെട്ട ഒന്നാമത്തെ സ്വഹാബി ആര് ?

A, അമ്മാറു ബ്നു യാസിർ (റ) B, ഉസ്മാനു ബ്നു മള്ഊൻ (റ)

C, ഉസ്മാനു ബ്നു അഫ്ഫാൻ (റ) D, മുസ്അബ് (റ)

86. وَاذْكُرْ أَخَا عَادٍ (വദ്കുർ അഖാ ആദിൻ) ആദിൻെറ സഹോദരൻ. .. .. .. ആകുന്നു:

A, സ്വാലിഹ്(അ) B, ഹൂദ് (അ)

C, നൂഹ്(അ) D, ഇൽയാസ് (അ)

87 അവൻെറ ഉപമ ഒരു നായയെപ്പോലെയാണ്. നീ അതിനെ ആക്രമിച്ചാലും അത് നാവുതൂക്കി വാ പിളർക്കും നീ അതിനെ ഒന്നും ചെയ്തില്ലെങ്കിലും അത് നാവ് തൂക്കി വാ പിളർക്കും. ഇത് ആരുടെ ഉപമയാണ് ?

A, പരദൂഷണം പറയുന്നവൻെറ

B, ഏഷണി പറയുന്നവൻെറ

C, കളവ് പറയുന്നവൻെറ

D, ദൈവീക ദൃഷ്ടാന്തങ്ങളെ കളവാക്കുന്നവൻെറ

88. നബി(സ)യോട് അനുസരണക്കേട് കാണിച്ചവർ ചെയ്യണമെന്ന് ഖുർആൻ നിർദ്ദേശിച്ച കാര്യങ്ങളിൽ പെടാത്തത് ? (സൂറ: മുഹമ്മദിൻെറ വ്യാഖ്യാനം)

A, നബി(സ)യുടെ അടുത്ത് വരിക

B, അവർ അല്ലാഹുവിനോട് പാപമോചനം തേടുക

C, അവർ പ്രവാചകനോട് പാപമോചനമർത്ഥിക്കുക

D, പ്രവാചകൻ(സ) അവർക്ക് വേണ്ടി പാപമോചനത്തിന് അർത്ഥിക്കുക

89. അന്ത്യ ദിനം എപ്പോഴാണെന്ന് സൂക്ഷ്മമായി അറിയുന്നത്

A, അല്ലാഹുവും പ്രവാചകനും മാത്രം B, അല്ലാഹു മാത്രം

C, മലക്കുകളും വിശ്വാസികളും മാത്രം D, ഇസ്റാഫീൽ മാത്രം

90. "ഗാംഭീര്യം എന്റെ തട്ടമാണ് മഹത്വം എന്റെ തുണിയുമാണ്" ഇത് പറഞ്ഞത് ആര് ?

A, മുഹമ്മദ് നബി(സ) B, അല്ലാഹു C, സത്യവിശ്വാസികൾ D, വിശ്വാസികൾ

91. അല്ലാഹു പറഞ്ഞു: "ആദമിന്റെ മകൻ എന്നെ ഉപദ്രവിക്കുന്നു" കാരണം ?

A, പ്രവാചകനെ നിന്ദിക്കുക നിമിത്തം

B, വിശുദ്ധ ഖുർആൻ നിരസിക്കുന്നതിനാൽ

C, കാലത്തെ പഴിക്കുന്നത് കൊണ്ട്

D, പരലോകത്തെ നിഷേധിക്കുന്നതിനാൽ

92. "ഉത്തരം മുട്ടിയാൽ കൊഞ്ഞനം കാട്ടുക" ഖുറൈശീ അവിശ്വാസികളെപ്പോലെ ഇന്നുള്ള ചില പാമരവിസ്റ്റികളും അവരുടെ ദുഷ്ട നേതാക്കളും സ്വീകരിച്ചിട്ടുള്ള നിലപാട് ഏത് ? (സൂറ: ഫുസ്സിലത്ത് 26)

A, വാദപ്രതിവാദത്തിന് വെല്ലുവിളിക്കുക; കല്ലെറിയുക, മർദ്ദിക്കുക.

B, നിങ്ങളോ നിങ്ങളുടെ പൂർവ്വ പിതാക്കളോ നല്ലവർ എന്ന് ചോദിക്കുക.

C, ഇല്ലാത്ത വാദങ്ങൾ എണ്ണിപ്പറഞ്ഞ് മറുപടി പറയുക.

D, ഖുർആൻ കേൾക്കാൻ അനുവദിക്കാതെ, ശബ്ദ കോലാഹലം ഉണ്ടാക്കുക.

93. "തന്റെ സഹോദരൻ മരണപ്പെട്ടവനായിരിക്കെ, അവന്റെ മാംസം തിന്നുന്നത് നിങ്ങൾ ഒരാൾ ഇഷ്ടപ്പെടുമോ?" ഈ ചോദ്യം മുഖേനെ അല്ലാഹു പഠിപ്പിക്കുന്നത്.

A, അത് നിങ്ങൾ നിങ്ങളെത്തന്നെ പരിഹസിക്കുന്നതിന് തുല്യമാണ് .

B, മരിച്ചവർ ജീവിച്ചിരിക്കുന്നവരേക്കാൾ നന്മ നിറഞ്ഞവരാണ്.

C, സത്യവിശ്വാസികൾ മരിച്ചാലും ജീവിച്ചാലും ഒരുപോലെ ശക്തിയും കഴിവുമുള്ളവരാ ണ്

D, ഒരാളുടെ അഭാവത്തിൽ അയാളെക്കുറിച്ച് പരദൂഷണം പറയരുത്

94. "അവരുടെ കേൾവിയും കാഴ്ചയും ഹൃദയവും ഒട്ടും തന്നെ അവർക്ക് ഉപകരിച്ചില്ല" (സൂറ: അഹ്ഖാഫ്) കാരണമെന്ത് ?

A, നന്ദികേട് കാണിച്ചു B, ധിക്കാരം പ്രവർത്തിച്ചു

C, അല്ലാഹുവിന്റെ ആയത്തുകളെ നിഷേധിച്ചു D, അശ്രദ്ധയോടെ ഉപയോഗിച്ചു

95. സത്യവിശ്വാസികളുടെ അഥവാ സത്യവാന്മാരുടെ (صادقين) വിശേഷണമായി സൂറ: ഹുജ്റാത്തിൽ അല്ലാഹു പറയുന്നത് ?

A, ഊഹാപോഹങ്ങളില്ലാത്ത, മററുള്ളവരുടെ രഹസ്യം അന്വേഷിക്കാത്ത സൂക്ഷ്മാലുക്കൾ

B, അല്ലാഹുവിനേയും റസൂലിനേയും മുൻകടക്കാത്ത ശബ്ദമുയർത്താത്ത ക്ഷമാലുക്കളായ സ്വഹാബികൾ

C, തെമ്മാടികളുടെ വാക്കുകൾ അപ്പടി വിശ്വസിക്കാത്ത, സത്യത്തിന് മുൻതൂക്കം നൽകുന്നവർ

D, സംശയ ലേശമന്യേ അല്ലാഹുവിലും പ്രവാചകരിലും വിശ്വസിക്കുകയും സമ്പത്തും ശരീരവും ആ വഴിയിൽ സമർപ്പിക്കുകയും ചെയ്യുന്നവർ

96 - 100

"നിങ്ങൾക്ക് വല്ല വസ്തുവും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഐഹിക ജീവിതത്തിന്റെ ഉപകരണമാകുന്നു. അല്ലാഹുവിന്റെ പക്കലുള്ളതാകട്ടെ, കൂടുതൽ ഉത്തമവും ശേഷിക്കുന്നതുമാകുന്നു." (സൂറ: ശൂറ) ഇത് ലഭിക്കുന്ന സജ്ജനങ്ങളുടെ പത്ത് ഗുണങ്ങൾ അല്ലാഹു വിവരിച്ചത് താഴെ ചേർക്കുന്നു. അവക്ക് ആയത്തിലെ ക്രമത്തിൽ (1 മുതൽ 10വരെ) നമ്പർ നൽകുക.

| | |
|---|---|
| | മഹാ പാപങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നവർ. |
| | നീച വൃത്തികളിൽ നിന്ന് വിട്ടുനിൽക്കുന്നവർ. |
| | നമസ്കാരം നില നിർത്തുന്നവർ |
| | അല്ലാഹു നൽകിയതിൽ നിന്ന് ചിലവഴിക്കുന്നവർ. |
| | വിശ്വസിക്കുന്നവർ. |
| | ദേഷ്യം വരുമ്പോൾ പൊറുക്കുന്നവർ |
| | അതിക്രമം ബാധിച്ചാൽ നടപടി എടുക്കുന്നവർ |
| | കാര്യങ്ങൾ പരസ്പരം കൂടി ആലോചിക്കുന്നവർ |
| | രക്ഷിതാവിൽ ഭരമേൽപിക്കുന്നവർ |
| | രക്ഷിതാവിന് ഉത്തരം നൽകുന്നവർ |